# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2011 07/12/2015-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷി**

| ചോദ്യം<br>ശ്രീ. എം. വി ശ്രേയാംസ് കുമാർ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വയനാട് ജില്ലയിൽ മത്സ്യസമൃദ്ധി പദ്ധതിയും, ആത്മയുമായി സഹകരിച്ച് പടുതകുളം, മത്സ്യകൃഷി പരിശീലനം, പ്രദർശനകുളങ്ങൾ സ്ഥാപിക്കൽ, ഫാംസ്കൂൾ, ഫാർമേഴ്സ് ക്ളബ്ബിന് സ്വന്തമായ കെട്ടിടം തുടങ്ങി വിവിധ പദ്ധതികളും, കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗപ്പെടുത്തി കുളം നിർമ്മിച്ച് മത്സ്യകൃഷി ആരംഭിക്കുന്നതിന് ധനസഹായം, ശാസ്ത്രീയ മത്സ്യകൃഷിയിൽ പരിശീലനം മുതലായ പദ്ധതികളും നടപ്പിലാക്കി വരുന്നു. അലങ്കാര മത്സ്യഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡ് (NFDB) ആവിഷ്ക്കരിക്കരിച്ച പദ്ധതി ഫിർമ വഴി നടപ്പാക്കിവരുന്നു. |
| ബി) പ്രസ്തുത ജില്ലയിലെ മത്സ്യകർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | ബി) ജില്ലയിലെ മത്സ്യകർഷകരെ മത്സ്യസമൃദ്ധി പദ്ധതിയിലുൾപ്പെടുത്തി മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവയ്ക്ക് 100 % ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യക്കുളം നിർമ്മാണം, മത്സ്യകുളം പുനരുദ്ധാരണം എന്നിവയ്ക്ക് സബ്സിഡിയും നൽകുന്നു. |

സി) കഴിഞ്ഞ സാമ്പത്തിക വർഷം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെയും മത്സ്യകർഷകർക്കു നൽകിയ ആനുകൂല്യങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ?

സി) കഴിഞ്ഞ സാമ്പത്തിക വർഷം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്

(1) മത്സ്യവിത്ത് വിതരണം:- കൽപ്പറ്റ നിയോജക മണ്ഡലത്തിൽ 1055 കർഷകർക്കായി 5,05,509 മത്സ്യവിത്തുകൾ സൗജന്യമായി വിതരണം ചെയ്തു.

(2) ശാസ്ത്രീയ മത്സ്യകൃഷി പരിശീലനം:-കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 58 കർഷകർക്ക് ശാസ്ത്രീയ മത്സ്യകൃഷിയിൽ പരിശീലനം നൽകി.

(3) തീറ്റ സബ്സിഡി:- കൽപ്പറ്റ നിയോജക മണ്ഡലത്തിൽ 21538/- രൂപ തീറ്റ സബ്സിഡിയായി വിതരണം ചെയ്തു.

(4) കുളം നിർമ്മാണ സബ്സിഡി:-കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 3 കർഷകർക്കായി ഒരേക്കർ കുളം നിർമ്മാണത്തിനായി 36800/- രൂപ സബ്സിഡിയായി അനുവദിച്ചു.

(5) പടുതാക്കുളം:- കൽപ്പറ്റ നിയോജക മണ്ഡലത്തിൽ 9 കർഷകർക്ക് പടുതാക്കുളത്തിൽ സംയോജിത മത്സ്യകൃഷിക്കായി ആത്മയുമായി സഹകരിച്ച് 45 സെന്റ് പടുതാക്കുളത്തിന് 5,94,000/- രൂപ സബ്സിഡിയായി അനുവദിച്ചു.

**സെക്ഷൻ ആഫീസർ**